**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 226** **18-03-2022 - ൽ മറുപടിയ്ക്ക്**

**ജല സ്രോതസ്സുകളുടെ സംരക്ഷണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ. എ. രാജ | | null<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ജല സ്രോതസ്സ് പുനരുജ്ജീവന പദ്ധതിയിലൂടെ കൈവരിക്കാൻ കഴിഞ്ഞ ഭൗതിക നേട്ടങ്ങൾ വിശദമാക്കുമോ; | (എ) | ഹരിത കേരളം മിഷൻ മുഖാന്തിരവും ,ജലവിഭവ വകുപ്പ് മുഖാന്തിരവും നടപ്പിലാക്കുന്ന ജല സ്രോതസ്സ് പുനരുജ്ജീവന പ്രവർത്തികളിലൂടെ കൈവരിച്ച നേട്ടങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ജലസ്രോതസ്സുകളുടെ സംരക്ഷണം, പരിപാലനം, ജലസംരക്ഷണത്തിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ബോധവത്ക്കരണം എന്നീ പ്രവർത്തനങ്ങളിൽ കൈവരിച്ച മികവിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയ്ക്ക് ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ജില്ലയായി ദേശീയ ജല പുരസ്കാരം ലഭിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. കേന്ദ്ര സർക്കാരിന്റെ ജല ശക്തി മന്ത്രാലയത്തിന്റെ മൂന്നാമത് ദേശീയ ജല പുരസ്കാരത്തിൽ 2020-2021ലെ പ്രവർത്തനങ്ങൾക്ക് ദക്ഷിണ മേഖലയിലെ മികച്ച ജില്ലയായി തിരുവനന്തപുരത്തെ തിരഞ്ഞെടുത്തിട്ടുണ്ട്. |
| (സി) | കനത്ത മഴയും വരൾച്ചയും ആവർത്തിക്കുന്നതിനാൽ നദികളിലും വേമ്പനാട്ട് കായൽ ഉൾപ്പെടെയുള്ള ജലാശയങ്ങളിലും അടിഞ്ഞുകൂടിയിട്ടുള്ള മാലിന്യങ്ങളും മണ്ണും നീക്കി ജല സ്രോതസ്സുകളെ സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | കാലാവസ്ഥയിൽ ഉണ്ടായിട്ടുള്ള വ്യതിയാനം കാരണം നദികളിലെയും ജലസ്രോതസ്സുകളിലെയും ജലലഭ്യതയിൽ കുറവ് അനുഭവപ്പെടുന്നതായി കാണുന്നു. ഇത് കണക്കിലെടുത്ത് നദികളുടെ സംഭരണശേഷി വർദ്ധിപ്പിച്ച്, നീരൊഴുക്ക് സുഗമമാക്കുന്നതി നായി, കേരളത്തിലെ 44 നദികളുടെയും സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള ചുമതല ജലസേചന വകുപ്പിലെ 44 എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്ക് നൽകുകയും പ്രാഥമിക റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഇതോടൊപ്പം തന്നെ, നദികളുടെ പോഷക നദികളിൽ അടിഞ്ഞുകൂടിയിട്ടുള്ള എക്കലും മറ്റ് മാലിന്യങ്ങളും നീക്കം ചെയ്യുന്ന പ്രവൃത്തി തൊഴിലുറപ്പുപദ്ധതിയുടെ ഭാഗമായും, ബഡ്ജറ്റ് വിഹിതം ഉപയോഗിച്ചും നിർവ്വഹിച്ചു വരുന്നു. അരുവിക്കര അണക്കെട്ടിലെ അടിഞ്ഞു കൂടിയിരിക്കുന്ന മണലും എക്കലും പൂർണ്ണമായും നീക്കം ചെയ്യുന്നതിന് ഒരു DPR തയ്യാറാക്കുന്നതിനായി നടപടികൾ സ്വീകരിച്ചു വരുന്നു. കരമന നദി മാലിന്യ |

| | | | |
|---|---|---|---|
| | | | മുക്തമാക്കുന്നതിന്റെ ഭാഗമായി ദേശീയ ഹരിത ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം കേരള പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ നേതൃത്വത്തിൽ കരമന നദിക്കായുള്ള ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും അതിന്റെ ഭാഗമായി കേരള വാട്ടർ അതോറിറ്റി സിവറേജ് ഡിവിഷനിലൂടെ പദ്ധതികൾ നടപ്പിലാക്കി വരുകയും ചെയ്യുന്നു. ജലവിഭവ വകുപ്പ് മെക്കാനിക്കൽ വിഭാഗത്തിന്റെ കീഴിലുള്ള ലഭ്യമായ മെഷീനറികൾ ഉപയോഗിച്ച് നദികളിലും വേമ്പനാട്ട് കായൽ ഉൾപ്പടെയുള്ള ജലാശയങ്ങളിലും അടിഞ്ഞു കൂടിയിട്ടുള്ള മാലിന്യങ്ങളും മണ്ണും നീക്കം ചെയ്യുന്നതിനായി DPR തയ്യാറായി വരുന്നു. കേരളത്തിൽ മലിനീകരണ ഭീഷണി നേരിടുന്ന പുഴകളായ മീനച്ചിൽ, പെരിയാർ, പമ്പ, കല്ലായി, വളപട്ടണം എന്നിവയുടെ പുനരുജ്ജീവനത്തിനും അവയുടെ സുസ്ഥിരത നിലനിർത്തുന്നതിനുമായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിന് ഒരു വിശദമായ പ്രോജക്ട് റിപ്പോർട്ട് നാഷണൽ ഹൈഡ്രോളജി പ്രോജക്ടിന്റെ കീഴിൽ തയ്യാറാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തൊട്ടാകെ 25241 കുളങ്ങൾ നവീകരിക്കുകയും 18883 കുളങ്ങൾ പുതിയതായി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 412 കി.മീ. നീളത്തിൽ പുഴകളും 45736 കി.മീ. നീളത്തിൽ നീർച്ചാലുകളും പുനരുജ്ജീവിപ്പിച്ചു. ഇതുകൂടാതെ 62921 കിണറുകളിൽ റീചാർജ്ജിംഗ് സംവിധാനം ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. നീർത്തടാടിസ്ഥാനത്തിൽ നീർത്തട പ്ലാനുകൾ തയ്യാറാക്കി സംസ്ഥാനത്തെ 1034 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ 1013 ഇടത്തും നിർവഹണം നടത്തിവരുന്നു. ഹരിതകേരളം മിഷന്റെ ഭാഗമായി നടപ്പിലാക്കിയ നീർച്ചാലുകളുടെ ശൃംഖല പുനസ്ഥാപിക്കു ന്നതിനും നീർച്ചാലുകൾ പുനരുജ്ജീവിപ്പിക്കുന്നതിനുമായി "ഇനി ഞാനൊഴുകട്ടെ" എന്ന പേരിൽ ഒരു ജനകീയ കാമ്പയിൻ സംഘടിപ്പിച്ചിരുന്നു. മുകളിൽ സൂചിപ്പിച്ചതിൽ 10253 കിലോ മീറ്റർ നീർച്ചാലുകൾ പ്രസ്തുത കാമ്പയിന്റെ ഭാഗമായി 3 ഘട്ടങ്ങളായി പുനരുജ്ജീവിപ്പിച്ചതാണ്.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായ "ഹരിതകേരളം മിഷന്റെ" ഉപമിഷനായ മണ്ണ്-ജലസംരക്ഷണം (ജലസമൃദ്ധി)-യുടെ വിവിധ പ്രവർത്തനങ്ങളുടെ ഭാഗമായി ജലസ്രോതസ്സുകളുടെ പുനഃരുജ്ജീവന പദ്ധതികൾ ഏറ്റെടുത്തിട്ടുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനാടിസ്ഥാനത്തിൽ "സംയോജിത നീർത്തടപ്ലാനുകൾ" തയ്യാറാക്കുകയും റിഡ്ജ്-ടു-വാലി അടിസ്ഥാന ത്തിൽ മുൻഗണനാക്രമം തീരുമാനിക്കുകയും ചെയ്തുകൊണ്ടാണ് പ്രവൃത്തികൾ ഏറ്റെടുത്തിട്ടുള്ളത്.കുളങ്ങളുടെ നവീകരണം, തോടുകളുടെ പുനരുദ്ധാരണം, വരട്ടാർ, കാനാമ്പുഴ, കുട്ടമ്പേരൂർപുഴ, കടമ്പ്രയാർ, പൂന്തൂർപ്പുഴ, പെരുംതോട്, കൊട്ടാരക്കര പാണ്ടിവയൽ ത്തോട്, മീനച്ചിൽ-മീനന്തറയാർ-കൊടൂരാർ പുനഃസംയോജനം, കാട്ടാക്കട മണ്ഡലത്തിലെ "വറ്റാത്ത ഉറവയ്ക്കായി ജലസമൃദ്ധി," കിള്ളിയാർ ശുചീകരണമിഷൻ, വാമനപുരം നദീ പുനഃരുദ്ധാരണം- സമഗ്ര പദ്ധതിരേഖ തയ്യാറാക്കൽ, കോലറയാർ സംരക്ഷണം, കേച്ചേരിപുഴ പുനഃരുജ്ജീവനം തുടങ്ങിയവ നിർവ്വഹിക്കാൻ കഴിഞ്ഞു.

കേരള വാട്ടർ അതോറിറ്റിയുടെ കുടിവെള്ള സ്രോതസ്സുകൾ മലിനപ്പെടാതിരി ക്കുന്നതിന് ജല അതോറിറ്റിയുടെ സ്രോതസ്സുകൾക്കു സമീപം മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിച്ചും, സ്രോതസ്സുകളുടെ ഇൻടേക് /ഗ്യാലറി /കിണർ എന്നിവയിൽ അടിഞ്ഞു കൂടുന്ന ചെളിയും, മാലിന്യങ്ങളും കാലാകാലങ്ങളിൽ നീക്കം ചെയ്തും, കമ്പിവേലികൾ കെട്ടിയും നിരീക്ഷണ ക്യാമറകൾ സ്ഥാപിച്ചും, ജലസംരക്ഷണ ത്തിനായി പോസ്റ്ററുകൾ പതിപ്പിച്ചും, വൈദ്യുതി വിളക്കുകൾ സ്ഥാപിച്ചും, പായലുകൾ നീക്കം ചെയ്തും മലിനീകരണം തടഞ്ഞ് ഗുണനിലവാരം ഉറപ്പാക്കുന്നു.

കുടിവെള്ള പദ്ധതികളുടെ സ്രോതസ്സ് പുനരുജ്ജീവിപ്പിക്കുവാനും സ്ഥായിയായ ജലം ലഭിക്കുന്നതിനും ജലനിധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഭൂജലവകുപ്പ് 'ഭൂജലസംരക്ഷണവും സംപോഷണവും' എന്ന പദ്ധതി ഭൂജല സ്രോതസ്സുകളുടെ പുനരുജ്ജീവനത്തിനായി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നു. സുസ്ഥിര ഭൂജല ലഭ്യത കൈവരിയ്ക്കുക എന്നതാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യം. തുറന്ന കിണർ / റീചാർജ്ജ് പിറ്റ് / കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം, മൈക്രോ വാട്ടർ ഷെഡ് അടിസ്ഥാനത്തിൽ ചെറിയ തടയണകൾ, അടിയണകൾ എന്നിവയുടെ നിർമ്മാണം, ചെറിയ കുളങ്ങളുടെ പുനരുജ്ജീവനം (0.1 ഹെക്ടറിൽ താഴെയുള്ളത്) എന്നിവ പ്രസ്തുത പദ്ധതിയുടെ കീഴിൽ നടപ്പിലാക്കി വരുന്നു.